പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2854 **29-10-2026-ൽ മറുപടിയ്ക്ക്**

കരമന വെള്ളറട റോഡ് വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ആർ. ബൈജു ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കരമന വെള്ളറട റോഡ് വികസനത്തിനായി 2015 ഫെബ്രുവരി 15 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് ബജറ്റിൽ 21.4 കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

മറുപടി: 15.02.2016-ലെ സ.ഉ(സാധാ)355/2016/PWD പ്രകാരം 21.448 കോടി രൂപ അനുവദിച്ചിട്ടുണ്ട്

35.5 Km നീളം വരുന്ന കരമന -വെള്ളറട റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചു. മൂന്നു റീച്ചുകളായി തിരിച്ചിട്ടുണ്ട് .സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു .

റീച്ച് -I - 0/000-5/500 (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ) -11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 19(1) പ്രസിദ്ധീകരിക്കേണ്ടതുണ്ട് .

റീച്ച് -II -5.5 Km to 20 Km (കുണ്ടമൺകടവ് പാലംമുതൽ ഞാറവിള വരെ) -സാമൂഹിക ആഘാത പഠനം പൂർത്തിയാക്കുകയും എക്സ്പെർട്ട് കമ്മറ്റി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട് .

റീച്ച് -III -20 Km to 35.5Km (ഞാറവിള മുതൽ വെള്ളറട വരെ)-സാമൂഹിക ആഘാത പഠനം പൂർത്തിയാക്കുകയും എക്സ്പെർട്ട് കമ്മറ്റി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീക രിക്കേണ്ടതുണ്ട് .

(ബി) പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ട് ഇത്രയും കാലമായിട്ടും റോഡ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

മറുപടി: പദ്ധതി സർക്കാർ പരിഗണനയിലാണ്.

(സി) 2025 മാർച്ച് 5 ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കെ.എം.ആർ. സമഗ്ര മൊബിലിറ്റി പദ്ധതി പരിഗണിച്ച് ആവശ്യമായ ട്രാഫിക് സർവേ, ടോപ്പോഗ്രാഫിക് സർവേ, മറ്റ് സാങ്കേതിക പരിശോധനകൾ എന്നിവ നടത്തിയശേഷം കോസ്റ്റ്-ബെനിഫിറ്റ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ കരമന മുതൽ നാലുവരിയായും ശേഷിക്കുന്ന ഭാഗം രണ്ടുവരിയായും വികസിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

മറുപടി: ഉണ്ട്

(ഡി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർവേകളും സാങ്കേതിക പരിശോധനകളും പൂർത്തീകരിച്ച് റോഡ് വികസനത്തിനുള്ള അന്തിമ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

മറുപടി: പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ DPR revise ചെയ്യാൻ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ, ട്രാഫിക് സർവേകൾ, Topographic സർവേ എന്നിവ നടത്തുന്നതിനായി 25.02.2026-ലെ സ.ഉ (സാധാ) 279/2026/PWD പ്രകാരം ₹1,08,00,000/-രൂപ (ഒരു കോടി എട്ടു ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

(ഇ) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനും റോഡ് വികസന പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിത നടപടി സ്വീകരിക്കുമോ;

മറുപടി: നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) പ്രസ്തുത റോഡ് വികസന പദ്ധതി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്ന സമയപരിധി വ്യക്തമാക്കുമോ?

മറുപടി: ബാധകമല്ല

സെക്ഷൻ ഓഫീസർ